എം.എ മജീദ്




# മൂലധനവും സംരംഭകത്വവും കൈകോർക്കുമ്പോൾ

**പണം** കെട്ടിക്കിടക്കുന്ന ഒരു സമൂഹത്തിൽ സാമ്പത്തിക വളർച്ചയുണ്ടാവില്ല. പണം ഒഴുകി നടന്നാൽ അതിലൊരു പങ്ക് ആർക്കും പിടിച്ചെടുക്കാം. അവസര സമത്വം ലഭിച്ചില്ലെങ്കിലും ഒരവസരം കിട്ടാനെങ്കിലും അത് സാധാരണക്കാരെ സഹായിക്കും. പണം മിച്ചമുള്ള വ്യക്തി നേരിട്ടോ കാര്യക്ഷമതയും ശേഷിയുമുള്ള സംരംഭകരുമായി സഹകരിച്ചോ നിക്ഷേപിക്കുകയോ ഉൽപാദന പ്രക്രിയയിൽ പങ്കുവഹിക്കുകയോ ചെയ്യുമ്പോഴാണ് പണം ഒഴുകി നടക്കുക. വൻതോതിൽ സമ്പാദ്യങ്ങൾ സ്വരൂപിക്കുകയും മൂലധനം ആവശ്യമുള്ള, കഴിവുള്ള ഉൽപാദകർക്ക് ലഭ്യമാക്കുകയും ചെയ്യണം. ഇത് വൻ സാമ്പത്തിക വളർച്ചക്ക് കളമൊരുക്കും. പണം മിച്ചമായി കൈവശമുള്ള വ്യക്തികൾ നിക്ഷേപിക്കാൻ തയാറാവുമ്പോഴാണ് രാജ്യത്തിന്റെ മൂലധനാവശ്യം നിറവേറ്റപ്പെടുന്നത്. ഉൽപന്നമോ സേവനമോ മൂല്യമോ ഉൽപാദിപ്പിക്കപ്പെടാതെ പണം മാത്രം വർധിക്കുന്ന പ്രവണത ഭീഷണിയാണ്. ചെറിയൊരു വിഭാഗം സമ്പന്നരുടെ ധനം വർധിക്കാനും മഹാഭൂരിപക്ഷത്തെ ദാരിദ്ര്യത്തിൽ തളച്ചിടാനും ഇതു വഴിവെക്കും. പണം ചെലവഴിക്കുന്നയാൾ ഉൽപാദന പ്രവർത്തനത്തിൽ സംരംഭകനോട് ചേർന്നു പ്രവർത്തിക്കുന്ന യഥാർഥ നിക്ഷേപകനായി മാറണം.

സമ്പത്തിന്റെ സന്തുലിത വിതരണവും ജനക്ഷേമവും ഉറപ്പാക്കിയേ

പലിശരഹിത വായ്പാനിധികൾക്ക് 40 വർഷത്തെ ചരിത്രം പറയാനുണ്ടെങ്കിലും ഒരു സൊസൈറ്റിപോലും വളർച്ചയുടെ ഒന്നാംഘട്ടം ഇനിയും പിന്നിട്ടിട്ടില്ല. ആഗോളതലത്തിൽ പല രാഷ്ട്രങ്ങളിലും ഇസ്‌ലാമിക് ബാങ്കിംഗ് ഭാഗികമായെങ്കിലും നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഇന്ത്യയിൽ ഇന്നും അതിനനുമതിയില്ല.

ഒരു സമ്പദ് വ്യവസ്ഥ വളർച്ച പ്രാപിക്കാവൂ. ഏതു സാമ്പത്തിക ഇടപാടും ധാർമിക പ്രതിബദ്ധത ഉറപ്പുവരുത്തുന്നതാവണം. ഉപഭോഗ മിതത്വം, ദാരിദ്ര്യ നിർമാർജനം, സാമ്പത്തിക സംരംഭങ്ങളുടെ പ്രോത്സാഹനം, നീതി, ധാർമികത തുടങ്ങിയ തത്ത്വങ്ങൾക്ക് പ്രോത്സാഹനം നൽകുന്ന രീതിയിലാവണം സാമ്പത്തിക ഇടപാടുകൾ. റിസ്ക് സംരംഭകന് മാത്രമാവരുത്; മൂലധന ഉടമയും അതിൽ പങ്കാളിയാവണം. ലാഭം പ്രതീക്ഷിക്കുന്നവർ നഷ്ട സാധ്യതയും ഏറ്റെടുക്കാൻ തയാറാവണം. ലാഭ നഷ്ട പങ്കാളിത്തം അടിസ്ഥാന തത്ത്വമാക്കി വേണം മൂലധനം നിക്ഷേപിക്കുന്നത്. സാമൂഹിക പ്രതിബദ്ധതയും ധാർമികതയും ഏതു പണമിടപാടിലും പ്രധാനമാണ്. സാമ്പത്തിക നേട്ടം ആവശ്യമാണ്; അതിലുപരി ഉൽപാദന സേവന വർധനവിലൂടെ സമ്പദ് വ്യവസ്ഥയുടെ വളർച്ചയാവണം ലക്ഷ്യം.

മൂലധന സമാഹരണവും വിന്യാസവും സുഗമമാക്കുന്നതിന് ഇടനിലക്കാരന്റെ പങ്കുവഹിക്കുകയും സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുകയുമാണ് ബാങ്കുകളുടെ ധർമം. ഇന്നത്തെ ബാങ്കിംഗ് മേഖല പലിശയിലധിഷ്ഠിതമാണ്. ഈ രീതിയിൽ റിസ്ക് ഏറ്റെടുക്കേണ്ടത് സംരംഭകൻ മാത്രമാണ്. നിക്ഷേപം ഏതു രീതിയിലുള്ളതാണെങ്കിലും വരുമാനം മുൻധാരണ പ്രകാരം നിശ്ചിതമാണ്. സംരംഭകൻ നഷ്ടത്തിൽ കൂപ്പുകുത്തിയാലും മൂലധന ഉടമക്ക് ലാഭം ലഭിക്കണമെന്നതാണ് വ്യവസ്ഥ. ഇത് അനീതിയാണ്. സാമ്പത്തിക സ്ഥിതിയും ബന്ധങ്ങളുമാണ് വായ്പ നൽകുന്നതിൽപോലും ബാങ്കുകൾ പരിഗണിക്കുന്നത്. സമ്പത്തില്ലാത്തവർക്കും സമ്പന്നരുടെ താൽപര്യങ്ങൾക്ക് കൂട്ടുനിൽക്കാത്തവർക്കും ഉൽപാദന പ്രക്രിയയിൽ പങ്കാളിയാവാൻ കഴിയില്ല. വിശ്വാസ്യതക്കും വളരെ കുറഞ്ഞ പരിഗണനയേ ലഭിക്കുന്നുള്ളൂ. ദരിദ്രരിൽ നിന്ന് ധനികരിലേക്കും, ദരിദ്ര പ്രദേശങ്ങളിൽ നിന്ന് സമ്പന്ന പ്രദേശങ്ങളിലേക്കും വരുമാനവും സമ്പത്തും ഒഴുകാനേ ഈ രീതി ഉപകാരപ്പെടൂ. പലിശാധിഷ്ഠിത സാമ്പത്തിക വിനിമയത്തിൽ നിന്ന് വിട്ടുനിൽക്കാനാഗ്രഹിക്കുന്നവർ വരെ ഈ രീതിയോട് പൊരുതേണ്ട അവസ്ഥയാണ് ഇന്നുള്ളത്. പ്രോജക്ടുകൾക്ക് വായ്പ വാങ്ങുകയും എന്തോ കാരണങ്ങളാൽ പരാജയപ്പെടുകയും ചെയ്തവർ ആത്മഹത്യ ചെയ്യേണ്ട ഗതികേട്. വാങ്ങിയതിന്റെ എത്രയോ ഇരട്ടി തിരിച്ചടച്ചിട്ടും ബാധ്യതയിൽ നിന്നും രക്ഷപ്പെടാനാവാതെ നര



ഉൽപന്നമോ സേവനമോ
മൂല്യമോ ഉൽപാദിപ്പിക്കപ്പെടാതെ
പണം മാത്രം വർധിക്കുന്ന
പ്രവണത ഭീഷണിയാണ്.
ചെറിയൊരു വിഭാഗം
സമ്പന്നരുടെ ധനം വർധിക്കാനും
മഹാഭൂരിപക്ഷത്തെ ദാരിദ്ര്യത്തിൽ
തളച്ചിടാനും ഇതു വഴിവെക്കും.
പണം ചെലവഴിക്കുന്നയാൾ
ഉൽപാദന പ്രവർത്തനത്തിൽ
സംരംഭകനോട് ചേർന്നു
പ്രവർത്തിക്കുന്ന യഥാർഥ
നിക്ഷേപകനായി മാറണം.

കിക്കുന്ന ഇത്തരം സംരംഭകരെ ധാരാളമായി കാണാനാകും. ഇവിടെ ധനസഹായം ചെയ്ത സ്ഥാപനത്തിനോ അവരിൽ നിക്ഷേപിച്ച നിക്ഷേപകനോ ഒരു പോറലും സംഭവിക്കുന്നില്ല. പലിശയിൽ നിന്നുപോലും ഒരു പൈസയും തങ്ങൾക്ക് നഷ്ടപ്പെട്ടുകൂടാ എന്ന അടിസ്ഥാന തത്ത്വം അംഗീകരിച്ചുകൊണ്ടാണ് ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. അതിനുവേണ്ട സുരക്ഷിത വ്യവസ്ഥകളോടെയാണ് അവർ സംരംഭകരെ സഹായിക്കുന്നത്. സർക്കാർ നേരിട്ടു നടത്തുന്ന സ്ഥാപനങ്ങൾ പോലും ഈ രീതി തന്നെയാണ് പ്രയോഗിക്കുന്നത്.

നമ്മുടെ ബാങ്കിംഗ് വ്യവസ്ഥക്ക് പകരമുള്ള ഒരു സംവിധാനം നിയമപരമായി നടത്താൻ ബുദ്ധിമുട്ടുണ്ട്. പലിശരഹിത ബാങ്കിങ് വ്യവസ്ഥക്ക് ഇന്ത്യയിൽ അംഗീകാരമില്ല. ഇന്ന് നിലവിൽ പ്രവർത്തിക്കുന്ന പലിശരഹിത നിധികൾക്ക് വളരെ ചെറിയ ആവശ്യങ്ങൾ നിർവഹിക്കാനേ കഴിയുന്നുള്ളൂ. 2500 രൂപയാണ് ശരാശരി ഒരു സംഘം വായ്പ നൽകുന്നത്. മൂലധന സമാഹരണം, വിന്യാസം എന്നീ ലക്ഷ്യങ്ങൾ നിറവേറ്റുന്ന ഒരു പ്രവർത്തനവും നടത്തുന്നില്ല. സാമ്പത്തിക രംഗത്തെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാൻ കാര്യമായൊന്നും ചെയ്യാൻ നമ്മുടെ സൊസൈറ്റികൾ പ്രാപ്തമല്ല. സമ്പാദ്യം സ്വരൂപിക്കുകയും മൂലധനം ആവശ്യമുള്ളവർക്ക് ലഭ്യമാക്കിക്കൊടുക്കുകയും ചെയ്യുക, കഴിവും പ്രാപ്തിയുമുള്ള സംരംഭകരെ കണ്ടെത്തുകയും പണം മിച്ചമുള്ള വ്യക്തികളുമായി സഹകരിക്കാനവസരം നൽകുകയും ചെയ്യുക, അതുവഴി മൂലധന ശേഷിയും സംരംഭകത്വവും കൈകോർക്കാൻ സാഹചര്യമുണ്ടാക്കുക, ഇതൊന്നും ഈ സൊസൈറ്റികൾ ഇന്നു ചെയ്യുന്നില്ല. നിയമപരമായ പ്രശ്നങ്ങളും കഴിവുള്ള പ്രഫഷനലുകളുടെ കുറവുമാണ് ഈ രംഗത്തെ പ്രധാന പോരായ്മ. പലിശരഹിത വായ്പാനിധികൾക്ക് 40 വർഷത്തെ ചരിത്രം പറയാനുണ്ടെങ്കിലും ഒരു സൊസൈറ്റി പോലും വളർച്ചയുടെ ഒന്നാംഘട്ടം ഇനിയും പിന്നിട്ടിട്ടില്ല. ആഗോളതലത്തിൽ പല രാഷ്ട്രങ്ങളിലും ഇസ്ലാമിക് ബാങ്കിംഗ് ഭാഗികമായെങ്കിലും നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഇന്ത്യയിൽ ഇന്നും അതിനനുമതിയില്ല.

മൂലധന സ്വരൂപണവും വിന്യാസവും സുഗമമാക്കുന്നതിന് ഒരു ഇടനിലക്കാരന്റെ പങ്ക് നിലവിലുള്ള നിയമവ്യവസ്ഥകൾക്ക് വിധേയമായി വഹിക്കാൻ കഴിയുമോ എന്നത് വിപുലമായ ചർച്ച ആവശ്യമുള്ള വിഷയമാണ്. ഈ സംവിധാനം പ്രധാനമായും 3 കാര്യങ്ങൾ ഉറപ്പുവരുത്തേണ്ടതുണ്ട്.

1. ഇന്ത്യൻ നിയമ വ്യവസ്ഥകൾക്ക് അനുസൃതമാവണം.

2. ഇസ്ലാമിക നിയമസംഹിതകൾ പാലിക്കുന്നതാവണം (ഹലാലാവണം).

3. പ്രായോഗികമായി വിജയിക്കുന്നതാവണം.

ഇത്തരം ഒരു പ്രോജക്ടുകളുടെ ലക്ഷ്യങ്ങൾ:

- സമ്പത്തിന്റെ സന്തുലിത വിതരണവും ജനക്ഷേമവും ഉറപ്പാക്കുക.
- ഉൽപാദകർക്കും നിക്ഷേപകർക്കുമിടയിൽ കണ്ണിയായി വർത്തിക്കാൻ കഴിയുന്ന സന്നദ്ധ സംഘടനക്ക് രൂപം നൽകുക.
- മൂലധന ശേഷിയും സംരംഭകത്വവും സംയോജിപ്പിക്കുക.

● കഴിവും പ്രാപ്തിയുമുള്ള സംരംഭകരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും അവർക്ക് കാർഷിക-വ്യവസായ-സേവന-കച്ചവട-സ്വയംതൊഴിൽ മേഖലകളിൽ മുതൽ മുടക്കാൻ മൂലധനം ലഭ്യമാക്കിക്കൊടുക്കുകയും ചെയ്യുക.

● പണം മിച്ചമുള്ള വ്യക്തികളെ കണ്ടെത്തി നേരിട്ടോ, കാര്യക്ഷമതയും ശേഷിയുമുള്ള സംരംഭകരുമായി സഹകരിച്ചോ നിക്ഷേപിക്കാനും ഉൽപാദനപ്രക്രിയയിൽ പങ്കുവഹിക്കാനും പ്രേരിപ്പിക്കുകയും ഉൽപാദകർക്കും നിക്ഷേപകർക്കുമിടയിൽ കണ്ണിയായി വർത്തിക്കുകയും ചെയ്യുക.

● സമ്പാദ്യങ്ങളെ നിക്ഷേപമായി മാറ്റാൻ വിപുലമായ പ്രവർത്തന പരിപാടികൾ സംഘടിപ്പിക്കുക.

● ലാഭനഷ്ട പങ്കാളിത്തം അടിസ്ഥാന തത്ത്വമാക്കി സംരംഭങ്ങൾ സ്ഥാപിക്കാൻ സംരംഭകരെ പ്രേരിപ്പിക്കുക. സംരംഭകനോടൊപ്പം മൂലധന ഉടമയും റിസ്ക്കെടുക്കണമെന്ന തത്ത്വം നടപ്പിലാക്കുക.

● വിശ്വാസ്യത, കഴിവ്, പദ്ധതിയുടെ സാധ്യതകൾ, പ്രവർത്തന ക്ഷമത എന്നിവ പരിഗണിച്ച് സംരംഭകരെ സംരംഭങ്ങൾ തുടങ്ങാൻ പ്രോത്സാഹിപ്പിക്കുക.

● സംരംഭകരിലും നിക്ഷേപകരിലും അശ്രാന്ത പരിശ്രമം, ആസൂത്രണം, മാനേജ്മെന്റ് സൃഷ്ടിപരത എന്നീ കഴിവുകൾ വളർത്തിയെടുക്കുക.

● തൊഴിലവസരങ്ങൾ സൃഷ്ടിച്ച് വിഭവങ്ങൾ ഗ്രാമങ്ങളിലേക്കും താഴെ തട്ടിലേക്കും ഒഴുക്കുക. അതുവഴി ഗ്രാമവികസനം സാധ്യമാക്കുക. വർധിച്ചുവരുന്ന തൊഴിലില്ലായ്മ, വരുമാനത്തിന്റെയും സമ്പത്തിന്റെയും അസമത്വം, ദാരിദ്ര്യം എന്നിവ നിർമാർജനം ചെയ്യുക. ദരിദ്രരായ ഗ്രാമീണർക്ക് ശുദ്ധജല ലഭ്യത, ഗൃഹനിർമാണം, ശുചിത്വം, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം തുടങ്ങിയവക്ക് സഹായം ലഭ്യമാക്കുക.

● പലിശാധിഷ്ഠിത സാമ്പത്തിക വിനിമയത്തിൽനിന്ന് വിട്ടുനിൽക്കാനും ഇസ്ലാമിക രീതികൾ അവലംബിക്കാനും ജനങ്ങളിൽ താൽപര്യമുണ്ടാക്കുക.

● സാമ്പത്തിക വിനിമയത്തിൽ അനീതിയും അഴിമതിയും വഞ്ചനയും ഇല്ലായ്മ ചെയ്ത് സാമൂഹിക നീതി ഉറപ്പുവരുത്തുക.

കഴിവും പ്രാപ്തിയുമുള്ള സംരംഭകരും പണം നിക്ഷേപിക്കാൻ താൽപര്യമുള്ളവരുമായിരിക്കും ഇത്തരം ഒരു പ്രോജക്ടിന്റെ ഗുണഭോക്താക്കൾ. സാമൂഹിക നീതി ലക്ഷ്യമിടുന്ന പ്രോജക്ടായതിനാൽ ഇതിന്റെ ഗുണഫലം മുഴുവൻ സമൂഹത്തിനും ലഭ്യമാകും. ദരിദ്രർക്കനുകൂലമായ ഒരു നീതിയുക്ത സാമ്പത്തിക വ്യവസ്ഥ ഈ പ്രോജക്ട് ലക്ഷ്യമിടുന്നതിനാൽ മുഴുവൻ ദരിദ്രരും ഈ പ്രോജക്ടിന്റെ ഗുണഭോക്താക്കളായിരിക്കും. ആസ്തിയുടെ സൃഷ്ടിപ്പിനും മൂല്യവർധനവിനും സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനും ലക്ഷ്യമിടുന്ന പ്രോജക്ടായതിനാൽ ഇതിന്റെ ഗുണഫലം മൊത്തം നാടിനും ലഭിക്കും.

ഈ പ്രോജക്ട് നടപ്പിലാക്കുന്നതിന് താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

1. പ്രോജക്ട് നടപ്പിലാക്കുന്നതിനു നേതൃത്വം നൽകാൻ സംസ്ഥാന തലത്തിൽ ശക്തമായ ഒരു സമിതി രൂപീകരിക്കുക.

2. പൈലറ്റ് സ്ഥാനത്തിൽ പ്രോജക്ട് നടപ്പിലാക്കാൻ ഒരു ജില്ലയെ തെരഞ്ഞെടുക്കുക. ഈ ജില്ലയിൽ ജില്ലാതല സമിതി രൂപീകരിക്കുക.

3. പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകളിൽ പഞ്ചായത്തു തല സമിതികൾ രൂപീകരിക്കുക.

4. പണം മിച്ചമുള്ളവരെ കണ്ടെത്തി അവരെ ലാഭനഷ്ട പങ്കാളിത്ത വ്യവസ്ഥയോടെ നിക്ഷേപിക്കാൻ പ്രേരിപ്പിക്കുക.

5. കഴിവും താൽപര്യവുമുള്ള സംരംഭകരെ കണ്ടെത്തി പ്രോജക്ടുകൾ ചെയ്യാൻ പ്രേരിപ്പിക്കുക, അവർക്കു മൂലധനം ലഭ്യമാക്കുക.

6. സംരംഭകർക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകുക.

7. നിക്ഷേപിക്കാനനുയോജ്യമായ പ്രോജക്ടുകൾ കണ്ടെത്തുക.

8. പ്രോജക്ടുകളിൽനിന്നും ലഭിക്കുന്ന ലാഭത്തിന്റെ ചെറിയ വിഹിതം ഉപയോഗിച്ച് ദാരിദ്ര്യ നിർമാർജന ഗ്രാമ വികസന പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുക.

സംസ്ഥാന തലത്തിൽ രൂപീകരിക്കുന്ന ഒരു വിദഗ്ധ സമിതി ഈ പ്രോജക്ടിന്റെ നിർവഹണത്തിന് നേതൃത്വം നൽകേണ്ടതാണ്. മതപണ്ഡിതർ, സംഘടനാ നേതാക്കൾ, മാനേജ്മെന്റ് വിദഗ്ധർ, പ്രഫഷനലുകൾ, സാങ്കേതിക വിദഗ്ധർ, ധനകാര്യ വിദഗ്ധർ മുതലായവർ ഈ സമിതിയിൽ ഉണ്ടാവണം. ആവശ്യമായ സന്ദർഭങ്ങളിൽ വിവിധ മേഖലയിലുള്ള വിദഗ്ധരുടെ സേവനം സമിതിക്ക് ഉപയോഗിക്കാവുന്നതാണ്. ജില്ലാതലത്തിലും ഇത്തരത്തിലുള്ള സമിതി രൂപീകരിക്കണം. പഞ്ചായത്തുതല സമിതികൾക്കായിരിക്കണം പ്രോജക്ട് നിർവഹണത്തിന്റെ പ്രാഥമിക ചുമതല.

കഴിവും പ്രാപ്തിയുമുള്ള സംരംഭകരും പണം നിക്ഷേപിക്കാൻ താൽപര്യമുള്ളവരുമായിരിക്കും ഇത്തരം ഒരു പ്രോജക്ടിന്റെ ഗുണഭോക്താക്കൾ. സാമൂഹിക നീതി ലക്ഷ്യമിടുന്ന പ്രോജക്ടായതിനാൽ ഇതിന്റെ ഗുണഫലം മുഴുവൻ സമൂഹത്തിനും ലഭ്യമാകും. ആസ്തിയുടെ സൃഷ്ടിപ്പിനും മൂല്യവർധനവിനും സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനും ലക്ഷ്യമിടുന്ന പ്രോജക്ടായതിനാൽ ഇതിന്റെ ഗുണഫലം മൊത്തം നാടിനും ലഭിക്കും.

ഇതിനു പുറമെ, ഓരോ യൂനിറ്റും (പ്രോജക്ട്) കോ-ഓർഡിനേറ്റ് ചെയ്യുന്നതിന് സംരംഭകൻ, നിക്ഷേപകൻ, പ്രാദേശിക സമിതി പ്രതിനിധി, വിദഗ്ധർ എന്നിവരടങ്ങുന്ന സമിതി രൂപീകരിക്കണം. പണം മുടക്കുന്നവരും സംരംഭകരും ചേർന്ന പാർട്ണർഷിപ്പുകളോ കമ്പനികളോ സ്വയം സഹായസംഘങ്ങളോ രൂപീകരിച്ചാവണം പദ്ധതി നടപ്പിലാക്കേണ്ടത്. പണം മുടക്കുന്നവർക്ക് സ്ഥാപനത്തിനുമേൽ നിയമപരമായ ഉടമസ്ഥത ഉറപ്പാക്കണം.

രൂപം നൽകുന്ന ഓരോ പ്രോജക്ടിനും എന്തുമാത്രം മൂലധനം ആവശ്യമുണ്ടെന്ന് കണക്കാക്കുകയും പണം മിച്ചമുള്ളവരെ കണ്ടെത്തി മൂലധനം സ്വരൂപിക്കുകയുമാണ് ഈ പ്രോജക്ടിലൂടെ ചെയ്യുന്നത്. പ്രോജക്ടിന്റെ പ്രാഥമിക സംഘാടന ചെലവും സമിതികളുടെ ദൈനംദിന ചെലവുകളും കണ്ടെത്തണം. രൂപപ്പെട്ട പ്രോജക്ടുകളുടെ ലാഭത്തിന്റെ ഒരു നിശ്ചിത ശതമാനം പ്രാദേശിക സമിതിക്ക് സംഭാവനയായി നൽകേണ്ടതും പ്രാദേശിക സമിതി നിശ്ചിത വിഹിതം സംസ്ഥാന-ജില്ലാതല സമിതികൾക്ക് നൽകേണ്ടതുമാണ്. ഈ പണം സംരംഭകരുടെയും നിക്ഷേപകരുടെയും പരിശീലനത്തിനും ഗ്രാമവികസന ദാരിദ്ര്യ നിർമാർജന പദ്ധതികൾക്കും ഈ ആശയത്തിന്റെ പ്രചാരണത്തിനും ഉപയോഗിക്കണം. പ്രത്യുൽപാദനപരമല്ലാത്ത വായ്പകൾക്കും ഭാവിയിൽ ഈ തുക ഉപയോഗിക്കാം.

ഇത്തരം ഒരു പ്രോജക്ട് നടപ്പിലാക്കുന്നത് താഴെ പറയുന്ന നേട്ടങ്ങളുണ്ടാക്കും.

1. മിച്ചമായി കൈവശമുള്ള പണം ഇസ്‌ലാമിക മൂല്യങ്ങൾ പാലിച്ചുകൊണ്ട് രാജ്യത്തിന്റെ മൂലധനാവശ്യം നിറവേറ്റാൻ ഉപയോഗപ്പെടുത്തുന്നു.

2. വൻതോതിൽ സമ്പാദ്യങ്ങൾ സ്വരൂപിക്കാനും മൂലധനം ആവശ്യമുള്ള കഴിവുള്ള ഉൽപാദകർക്ക് ലഭ്യമാക്കാനും കഴിയുന്നു.

3. പണം മിച്ചമുള്ള വ്യക്തി നേരിട്ടോ കാര്യക്ഷമതയും ശേഷിയുമുള്ള സംരംഭകരുമായി സഹകരിച്ചോ ഉൽപാദന പ്രക്രിയയിൽ പങ്കുവഹിക്കുന്നു.

4. മൂലധന ശേഷിയും സംരംഭകത്വവും കൈകോർക്കുന്നു.

5. സംരംഭകനോടൊപ്പം മൂലധന ഉടമയും റിസ്‌ക്കിൽ പങ്കുവഹിക്കുന്നു. ലാഭം പ്രതീക്ഷിക്കുന്നവർ നഷ്ട സാധ്യതയും ഏറ്റെടുക്കാൻ തയാറാവുന്നു.

6. ദാരിദ്ര്യം, തൊഴിലില്ലായ്മ മുതലായവ നിർമാർജനം ചെയ്യാൻ സഹായിക്കുന്നു.

7. പലിശരഹിത നിക്ഷേപത്തിന്റെ മികവ് പ്രചരിപ്പിക്കപ്പെടുന്നു.

ഈ പ്രോജക്ടിനു താഴെ പറയുന്ന കോട്ടങ്ങളുമുണ്ട്.

1. കൂട്ടു ബിസിനസ്സിൽ സാധാരണ കണ്ടുവരുന്ന അഭിപ്രായ വ്യത്യാസങ്ങളും പരസ്പര വിശ്വാസമില്ലായ്മയും പ്രശ്നങ്ങളുണ്ടാക്കാം.

2. നല്ല സംരംഭകരുടെ കുറവ്. വിശ്വസ്തരും കഴിവുള്ളവരും ധാർമിക മൂല്യങ്ങൾ പാലിക്കുന്നവരുമായ സംരംഭകർ ധാരാളമായി വന്നാലേ പ്രോജക്ട് വിജയിക്കൂ.

3. ലാഭകരമായ പ്രോജക്ടുകൾ കണ്ടെത്താനുള്ള പ്രയാസം.

4. സമീപകാലത്തുണ്ടായ ചില പ്രോജക്ടുകളുടെ പരാജയം നിക്ഷേപകരിലുണ്ടാക്കിയ നിരാശ.

5. ഗവൺമെന്റ് നിയമങ്ങൾ പൂർണമായും പാലിക്കാൻ കഴിയാതിരിക്കുന്ന പക്ഷം ഉണ്ടാവുന്ന പ്രയാസങ്ങൾ.

6. മോണിറ്ററിംഗ് സമിതികൾക്കുവേണ്ടി പ്രവർത്തിക്കാൻ ആവശ്യമായ ആളുകളെ കിട്ടാനുള്ള പ്രയാസം.

പ്രോജക്ടിന്റെ വിജയത്തിന് ശക്തമായ മോണിറ്ററിംഗ് ആവശ്യമാണ്. മോണിറ്ററിംഗിനുള്ള സംവിധാനം ദുർബലമാവുന്നത് വിജയത്തെ പ്രതികൂലമായി ബാധിക്കും.

വിപുലമായ ചർച്ചയും സംവാദവും ഈ വിഷയത്തിൽ ഉണ്ടാവണം. അതിന് താൽപര്യമുള്ളവർ വേദിയൊരുക്കുമെന്ന് പ്രത്യാശിക്കുന്നു. ■